പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 35 05.03.2012-ൽ മറുപടിക്ക്

## വിവരാവകാശ നിയമപ്രകാരം മറുപടി ലഭ്യമാക്കിയതിലെ അപാകത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. സെൽവരാജ്** | **ശ്രീ.ഉമ്മൻചാണ്ടി** (ബഹു. മുഖ്യമന്ത്രി) |
| (എ) വിവരാവകാശ നിയമപ്രകാരം കായിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾക്ക് ആയിരത്തിലധികം വ്യത്യസ്തമായ മറുപടികൾ ലഭിച്ചത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് വിവരാവകാശ നിയമത്തിന്റെ അന്തസത്തയെതന്നെ ഇല്ലായ്മ ചെയ്യുന്ന ഒന്നാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും കായികാധ്യാപകരുടെ നിയമനം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 24-11-2011 ന് ഒരു അപേക്ഷ ലഭിച്ചിരുന്നു. വിവരാവകാശ നിയമപ്രകാരം അതാത് ഓഫീസുകളിൽ ലഭ്യമായ വിവരങ്ങളുടെ വിശദാംശങ്ങൾ മാത്രം നൽകിയാൽ മതി. എല്ലാ ഓഫീസുകളിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അതിനാൽ അതാത് ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള വിശദാംശങ്ങൾ പ്രസ്തുത ഓഫീസുകളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരാണ് ശേഖരിച്ചുനൽകേണ്ടത്. അതുകൊണ്ട് വിവരാവകാശ നിയമപ്രകാരം ലഭിച്ച പ്രസ്തുത അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അയച്ചുകൊടുത്ത് അപേക്ഷകന് നേരിട്ട് മറുപടി നൽകുന്നതിന് നിർദ്ദേശം നൽകി. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷയുടെ പകർപ്പ് ഈ വിവരങ്ങൾ നൽകേണ്ട കീഴ് ഓഫീസുകളിലേക്കും പ്രധാന അധ്യാപകർക്കും നൽകുകയും തുടർന്ന് അപേക്ഷകന് ആയിരത്തിലധികം മറുപടികൾ ലഭിക്കുകയും ചെയ്തു. വിവരാവകാശ നിയമത്തിൽ അനുശാസിക്കുന്ന രീതിയിലാണ് ഈ വിഷയത്തിൽ നടപടി കൈക്കൊണ്ടിട്ടുള്ളത്. |
| (സി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**